# ഏഴ് പുസ്തകങ്ങളെഴുതിയ പതിമൂന്നുകാരൻ

• ആബിദ് കോലിക്കര

സാധ്യതകളുടെ ലോകമാണിത്. കൂട്ടുകാർക്ക് എന്തെല്ലാം അറിവുകൾ എവിടെ നിന്നെല്ലാമാണ് ലഭിക്കുന്നത് എന്ന് ആലോചിച്ചിട്ടുണ്ടോ? പണ്ട് കാലത്ത് അധ്യാപകരും രക്ഷിതാക്കളും പറഞ്ഞുതരുന്ന കാര്യങ്ങൾ മാത്രമേ കുട്ടികൾക്ക് ലഭിച്ചിരുന്നുള്ളൂ. കുറച്ച് വായനാശീലമുള്ള കുട്ടികൾ ലൈബ്രറിയിൽ പോയി പുസ്തകമെടുത്ത് അങ്ങനെ കുറേ കാര്യങ്ങൾ അറിയാൻ ശ്രമിക്കും. എന്നാൽ ഇന്ന് അങ്ങനെയാണോ.. നിങ്ങളുടെ വിരൽത്തുമ്പിൽ എന്തെല്ലാം അറിവുകൾ കിടക്കുന്നു! ഇന്റർനെറ്റ് നമുക്ക് നൽകിയ അനേകായിരം സാധ്യതകളാണ് നമ്മുടെ മുമ്പിൽ. myhero.com എന്നൊരു വെബ്സൈറ്റുണ്ട്.



ലോകത്തിന്റെ പലഭാഗങ്ങളിൽ നിന്നുള്ളവരും അവരവർക്ക് പ്രചോദനമായവരെ കുറിച്ച് അതിൽ എഴുതുന്നുണ്ട്. കൂട്ടുകാർക്ക് അതിലൂടെ സഞ്ചരിക്കുമ്പോൾ ലോകത്തിന്റെ പല ഭാഗങ്ങളിലുള്ളവരുടെ അറിവും പരിചയങ്ങളുമാണ് ലഭിക്കുന്നത്. എന്തെല്ലാം മനുഷ്യരാണ് ഈ ലോകത്തുള്ളതെന്ന് അൽഭുതപ്പെടും. അവരുടെ ഊർജവും ഉൽസാഹവും മുന്നോട്ട് പോകാൻ നമ്മെ പ്രേരിപ്പിക്കും.

മാറ്റി സ്റ്റെപ്പിനേകിനെയാണ് ഈ വെബ്സൈറ്റിന്റെ ഹീറോ ആയി തെരഞ്ഞെടുത്തിട്ടുള്ളത്. ആ കുട്ടിയെ കുറിച്ച് കൂട്ടുകാർ കേട്ടിട്ടുണ്ടോ.. മൂന്നാം വയസ്സിൽ എഴുതിത്തുടങ്ങിയ അവൻ ആറ് വയസ്സാകുമ്പോഴേക്ക് നൂറ് കണക്കിന് കവിതകളാണ് എഴുതിയത്. Mitochondrial myopathy എന്ന രോഗമായിരുന്നു അവന്. തന്റെ പതിമൂന്നാം വയസ്സിൽ അവൻ മരണപ്പെടുകയും ചെയ്തു. ആയിരക്കണക്കിന് കഥകളും കവിതകളും ലേഖനങ്ങളും അതിനിടെ അവൻ എഴുതിയിരുന്നു.

“എന്റെ മകനാണ് എന്റെ ഹീറോ'' എന്നൊരിക്കൽ മാറ്റിയുടെ അമ്മ ജെനി സ്റ്റെപ്പിനേക് ‘മൈ ഹീറോ’ വെബ്സൈറ്റിൽ എഴുതിയപ്പോഴാണ് ഈ കുട്ടിയെ എല്ലാവരും ശ്രദ്ധിക്കുന്നത്. ഏഴ് ബെസ്റ്റ് സെല്ലിംഗ് പുസ്തകമാണ് ഈ അമേരിക്കൻ കവി എഴുതിയത്. മാറ്റിയുടെ ഹീറോ മുൻ അമേരിക്കൻ പ്രസിഡന്റ് ജിമ്മി കാർട്ടർ ആണ്. •

▸▸ മനുഷ്യ ശരീരത്തിലെ ഏറ്റവും വലിയ അസ്ഥി– തുടയെല്ല്